# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പികെഡി-15-1107/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/09/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പികെഡി-15-1107/2021 തീയ്യതി: 14/09/2021

## പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2021 മുതൽ 08-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീസന്തോഷ്.സി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കൃഷ്ണദാസ്.എൻ.വി, ഓഡിറ്റർ
ശ്രീമതി.ലിക്സി അലക്സ്, ഓഡിറ്റർ
ശ്രീ.സന്ദീപ്.കെ.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഇന്ദിര സി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ ഭാർഗവൻ.ആർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ ദിനേശ് കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വസന്ത. ആർ | കൃഷി ഓഫീസർ | 01-04-2020 | 29-10-2020 |
| ശ്രീ റാസിൽ ഹാരിസ് | കൃഷി ഓഫീസർ | 30-10-2020 | 29-01-2021 |
| ശ്രീമതി ധന്യ. സി | കൃഷി ഓഫീസർ | 30-01-2021 | 31-03-2021 |
| ഡോ.മിനി.കെ.പി | വെറ്ററിനറി സർജൻ | 01-04-2020 | 22-09-2020 |
| ഡോ.വൽസാകുമാരി.കെ.വി | വെറ്ററിനറി സർജൻ | 23-09-2020 | 31-03-2021 |
| ശ്രീ സുനിൽകുമാർ. കെ | വി ഇ ഓ സർക്കിൾ I | 01-04-2020 | 31-03-2021 |
| ശ്രീ മനോജ് | വി ഇ ഓ സർക്കിൾ II | 01-04-2020 | 31-03-2021 |
| ശ്രീ ശശികുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ റമിസ് പി മുഹമ്മദ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 15-06-2020 |
| ശ്രീമതി ബീന എം കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 16-06-2020 | 14-01-2021 |
| ശ്രീ ജയപ്രകാശ് സി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 15-01-2021 | 19-01-2021 |
| ശ്രീമതി ഉഷ എൻ ആർ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി കുമാരി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ഡോ അഷ്റഫ് എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| | | 01-04- | 31-03- |

| | | | |
|---|---|---|---|
| ശ്രീ കിഷോർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 2020 | 2021 |
| ഡോ കെ എസ് മാഹി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 24-01-2021 |
| ഡോ.മനോജ്കുമാർ എം | മെഡിക്കൽ ഓഫീസർ പി എച്ച് സി | 25-01-2021 | 31-03-2021 |
| ഡോ.ഉഷാകുമാരി പി കെ | മെഡിക്കൽ ഓഫീസർ(ജി എ ഡി) | 01-04-2020 | 05-04-2020 |
| ഡോ.ടി.വി സുവിജ | മെഡിക്കൽ ഓഫീസർ, (ജി എ ഡി) | 06-04-2020 | 31-03-2021 |
| ശ്രീമതി സലീന ബി എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| ശ്രീ സന്തോഷ് കുമാർ കെ വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 14-09-2020 |
| ശ്രീ എം എൻ രാജേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 15-09-2020 | 31-03-2021 |
| ശ്രീമതി.രാധിക.പി.എം | ഡയറി എക്സ്ടൻഷൻ ഓഫീസർ | 20-01-2021 | 31-03-2021 |

--

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sandeep KV (Auditor, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sandeep KV (Auditor, On 16-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-1-1 |
| 3 | യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല<br>Written By: Sandeep KV (Auditor, On 16-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-2 |
| 5 | വാർഷിക കണക്ക് - അപാകങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 31-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Krishnadas.N.V (Auditor, On 09-08-2021)<br>Last Updated By: Krishnadas.N.V (Auditor, On 09-08-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Krishnadas.N.V (Auditor, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Sandeep KV (Auditor, On 09-08-2021)<br>Last Updated By: Sandeep KV (Auditor, On 09-08-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-10 |
| 14 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-11 |
| 15 | തൊഴിൽനികുതി കുറവായി ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-11-1 |
| 16 | ലൈസൻസ് അനുവദിച്ച സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-11-2 |
| 17 | റേഷൻകടയുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ | 1-11-3 |

| | | |
|---|---|---|
| | തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | |
| 18 | ക്ഷീരസഹായസംഘത്തിന്റെ സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-11-4 |
| 19 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച നിരീക്ഷണങ്ങൾ<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-12 |
| 20 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-12-1 |
| 21 | ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-12-2 |
| 22 | ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-12-3 |
| 23 | ലൈസൻസ് അപേക്ഷയിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-12-4 |
| 24 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-12-5 |
| 25 | പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-12-6 |
| 26 | പുതിയതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-13 |
| 27 | മുറികളുടെ വാടക കുടിശ്ശിക പരിച്ചെടുക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 18-08-2021) | 1-14 |
| 28 | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 19-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-15 |
| 29 | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനവും ഹരിതകർമ്മസേനയുടെ പ്രവർത്തനവും<br>Written By: Krishnadas.N.V (Auditor, On 19-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 02-09-2021) | 1-16 |
| 30 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല - തിരികെ ലഭിച്ച | 1-17 |

| | | |
|---|---|---|
| | തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 19-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | |
| 31 | ചട്ടപ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 19-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-18 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 19-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-19 |
| 33 | അഗതിരഹിത കേരളം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള തുകകൾ ചെലവഴിക്കുന്നതിൽ കാലതാമസം<br>Written By: Krishnadas.N.V (Auditor, On 19-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-20 |
| 34 | ഭവന നിർമാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-21 |
| 35 | ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ളവർ-ജനറൽ<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-21-1 |
| 36 | ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളവർ-എസ് സി വിഭാഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-21-2 |
| 37 | സാധനങ്ങളുടെ സമാഹരണത്തിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-22 |
| 38 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-23 |
| 39 | വൃദ്ധർക്ക് കട്ടിൽ പദ്ധതി - വാങ്ങൽ നടപടിക്രമം പാലിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-24 |
| 40 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-25 |
| 41 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-26 |
| 42 | പി.എച്ച്സി.ക്ക് ഉപകരണങ്ങൾ വാങ്ങൽ - ടെണ്ടർ രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 18-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-27 |
| 43 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 16-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-28 |

| | | |
|---|---|---|
| 44 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃതത പാലിക്കണം<br>Written By: C.S.Santhosh (Audit Officer, On 16-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-29 |
| 45 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ പ്രകാരമുള്ള സമയപരിധി ഉറപ്പാക്കുന്നില്ല<br>Written By: C.S.Santhosh (Audit Officer, On 16-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 31-08-2021) | 1-30 |
| 46 | വാണിയം പറമ്പ് അങ്കണവാടിയുടെ നിർമ്മാണം അനന്തമായി നീളുന്നു<br>Written By: C.S.Santhosh (Audit Officer, On 16-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-31 |
| 47 | വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കരാറുകാരന് നൽകി<br>Written By: C.S.Santhosh (Audit Officer, On 16-08-2021)<br>Last Updated By: Saritha P (Senior Grade Auditor, On 26-08-2021) | 1-32 |
| 48 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-33 |
| 49 | ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 17-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 1-34 |
| 50 | മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നുള്ള കണ്ടിൻജന്റ് ചെലവ് - മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 17-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 19-08-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കരാറുകാരന് നൽകി - 8227 രൂപയുടെ നഷ്ടം<br>Written By: C.S.Santhosh (Audit Officer, On 19-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 09-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 09-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 09-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 13-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 09-08-2021)<br>Last Updated By: C.S.Santhosh (Audit Officer, On 09-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക് - വിവിധ പത്രികകളുടെ സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്.

പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

02-03-2020 -ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 10-2-2021 ലെ തീരുമാനം നം. 15 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 9772040 |
| തൻവർഷം വരവ് | 285463000 |
| ആകെ വരവ് | 295235040 |
| ചെലവ് | 287021000 |
| നീക്കിയിരിപ്പ് | 8214040 |

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് നടപടിക്രമങ്ങൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു.

### 1-1-1 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 21.12.2019-ൽ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. വെറ്ററിനറി സർജൻ, കൃഷി ഓഫീസർ, ഹെഡ്മാസ്റ്റർ എന്നിവരുടെ പ്രോപ്പോസലുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റു നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ ബജറ്റ് തയ്യാറാക്കുന്നതിൽ പരിഗണിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

പദ്ധിതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് മാന്വലിൽ നിർദ്ദേശിക്കപ്പെട്ട സമയക്രമം പാലിച്ചതായും കാണുന്നില്ല.

തുടർവർഷങ്ങളിൽ ബജറ്റ് നടപടികളുടെ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| പ്രാരംഭ ബാക്കി | 9772040 | 14834443 |
| തൻവർഷം വരവ് | 285463000 | 100815321 |

| | | |
|---|---|---|
| ആകെ വരവ് | 295235040 | 115649764 |
| ചെലവ് | 287021000 | 94880277 |
| നീക്കിയിരിപ്പ് | 8214040 | 20769487 |

പരസ്യ നികുതിയിനത്തിൽ 10000 രൂപ ബജറ്റിൽ പ്രതീക്ഷിത വരവായി ചേർത്തിട്ടുണ്ട്. GST നിലവിൽ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം ഇല്ലാതായിട്ടും പരസ്യ നികുതി പ്രതീക്ഷിച്ചത് വ്യക്തമായ വിലയിരുത്തലിന്റെ അഭാവം മൂലമാണ്. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല.

വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 10-05-2021 | - | - |

## 1-2-1 വാർഷിക കണക്ക് - അപാകങ്ങൾ

1. ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി ആകെ 520000 രൂപ KSEB ക്ക് നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ് , ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി R&P പത്രിക പരിശോധിക്കുമ്പോൾ കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ തുക ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിലും ചേർക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| വരവ് | 100815321 |
| ആകെ | 115649764.54 |
| ചെലവ് | 94880277 |
| നീക്കിയിരിപ്പ് | 20769487.54 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 11862529 | 11862529 | 11857326 (*) | 5203 |
| വികസനഫണ്ട് -എസ്.സി.പി | 0 | 20664832 | 20664832 | 19490960 (**) | 1173872 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 9133000 | 9133000 | 8534063 | 598937 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4830641 | 4830641 | 3858871. | 971770 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 11759147 | 11759147 | 8313329 | 3445818 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ് | 0 | 3410000 | 3410000 | 2042644. | 1367356 |

(*) വികസന ഫണ്ട്(ജനറൽ) ൽ നിന്നും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പ്പാ തിരിച്ചടവ് എന്നീ ഇനങ്ങൾക്കായി സ്രോതസ്സിൽ നിന്നും 3685471 രൂപ കുടി കുറവു ചെയ്തിട്ടുണ്ട്.

(**) വികസന ഫണ്ട്(എസ്‌സിപി) ൽ നിന്നും ലൈഫ് മിഷൻ വായ്പ്പാ തിരിച്ചടവ് എന്നീ ഇനങ്ങൾക്കായി ഇനങ്ങൾക്കായി സ്രോതസ്സിൽ നിന്നും 468471 രൂപ കുടി കുറവു ചെയ്തിട്ടുണ്ട്.

<u>കേന്ദ്രാവിഷ്കൃതം</u>

1. ICDS വിഹിതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1067974 | 1168300 | 2236274 | 1000000 | 1236274 |

<u>2. തൊഴിലുറപ്പു പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2321 | 1981571 | 1983892 | 1983892 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 33791041 | 33791041 | 33791041 | 0 |
| ആകെ | 2321 | 35772612 | 35774933 | 35774933 | 0 |

<u>3. ശുചിത്വ ഫണ്ട്</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 1204231 | 2675798 | 3880029 | 365653 | 3514376 |

<u>സംസ്ഥാനാവിഷ്കൃതാവിഷ്കൃതം</u>

1. അഗതിരഹിത കേരളം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഗതിരഹിത കേരളം | 30815 | 1330067 | 1360882 | 1330067 | 30815 |

2. ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വം-വാർഡ്തലം | 0 | 170000 | 170000 | 170000 | 0 |

3. ലൈഫ് മിഷൻ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | 200000 | 1460000 | 1460000 | 1660000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 112756680 | 193 | 77617576 | - | 73 | 72.50 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 72.50% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 69% ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 14953846 | 12040796 | 81 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 1904800 | 1027403 | 54 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 8 | 1690877 | 1331438 | 79 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 75000 | 9741 | 13 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1050000 | 1049956 | 100 |
| വി.ഇ.ഒ | 16 | 13 | 23633936 | 15318412 | 65 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 6 | 5417610 | 3075490 | 57 |
| എച്ച്.എം | 7 | 5 | 1613017 | 1528980 | 95 |
| സെക്രട്ടറി | 31 | 20 | 10004799 | 7218795 | 72 |
| അസി.സെക്രട്ടറി | 10 | 8 | 7314639 | 6115120 | 84 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 157 | 112 | 44229156 | 28701445 | 65 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 500000 | 200000 | 40 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 369000 | 0 | 0 |
| ആകെ | 266 | 193 | 112756680 | 77617576 | 69 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി

വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2321 | 1981571 | 1983892 | 1983892 | 0 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 33791041 | 33791041 | 33791041 | 0 |
| ആകെ | 2321 | 35772612 | 35774933 | 35774933 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | - | - |
| 2 | കർഷക തൊഴിലാളി പെൻഷൻ | 13,538,100.00 | 934 |
| 3 | വിധവാ പെൻഷൻ | 19,620,800.00 | 1348 |
| 4 | വാർദ്ധക്യകാല പെൻഷൻ | 26,150,700.00 | 2020 |
| 5 | വികലാംഗ പെൻഷൻ | 5,563,500.00 | 375 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,346,700.00 | 90 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-8-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4137 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പദവി തുടർന്ന് നിലനിർത്തുന്നതിനാവശ്യമായ ജാഗ്രത ഉദ്യോഗസ്ഥരും ഭരണസമിതിയും പുലർത്തേണ്ടതാണ്.

ബജറ്റ് നടപടിക്രമങ്ങൾ കാര്യക്ഷമമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതുമാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബാക്കി തുക വിനിയോഗിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

ലൈസൻസ് ഈടാക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ലെന്നും അപേക്ഷയിൽ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

1-4-2011 മുതൽ 16-4-2011 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2006-07 മുതൽ 2010-11 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല. പെർഫോമൻസ് ഓഡിറ്റ് 7/2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

1-11 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

തേങ്കുറിശ്ശി പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-11-1 തൊഴിൽനികുതി കുറവായി ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ്

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വർഷ വരുമാന പത്രികകൾ എന്നിവയുടെ പരിശോധനയിൽ ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. 36, ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, വെമ്പല്ലൂരിലെ താഴെപ്പറയുന്ന ജീവനക്കാരുടെ 2-ാം അർദ്ധ വർഷ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നതായി കണ്ടെത്തി.

| ജീവനക്കാരുടെ പേര് | തസ്തിക | 2-ാം അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന കുറഞ്ഞ നികുതി | കുറവ് |
|---|---|---|---|---|---|
| ഷബീന ബാനു.ജെ | GDS BPM | 92436 | 120 | 600 | 480 |
| രാധാകൃഷ്ണൻ.എൻ | GDS MD | 97860 | 120 | 600 | 480 |

തൊഴിൽ നികുതി കൃത്യമായി ഈടാക്കിയതായി ഓഡിറ്റ് അന്വേഷണം 2/10-08-2021 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ആകെ 960 രൂപ മേൽ ജീവനക്കാരിൽ നിന്നും ഈടാക്കിയതിന്റെ രസീതികൾ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായി. (രസീതി നം. 121010101024/16-8-21).

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് കൃത്യമായാണെന്ന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

1-11-2 ലൈസൻസ് അനുവദിച്ച സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ

തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
ദീപം ഗ്രാനൈറ്റ് – 6 ജീവനക്കാർ
സ്ഥാപന ഉടമ – ശ്രീ.ശശിധരൻ

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം 2/10-08-2021 ന് മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വ്യക്തമായ മറുപടി ലഭിച്ചില്ല.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-11-3 റേഷൻകടയുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ പഞ്ചായത്ത് പരിധിയിലെ റേഷൻകടയുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം 2/10-08-2021 നുള്ള മറുപടിയിൽ റേഷൻ കടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-11-4 ക്ഷീരസഹായസംഘത്തിന്റെ സ്ഥാപനതൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല

തേങ്കുറിശ്ശി ക്ഷീര സഹായ സംഘത്തിന്റെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2 /10-08-2021 നുള്ള മറുപടിയിൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച നിരീക്ഷണങ്ങൾ

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 234 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ, പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-12-1 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ച് വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2020-21 വർഷം പഞ്ചായത്തിൽ ഇപ്രകാരം തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | വാർഡ് നം./ കെട്ടിടനം. | സ്ഥാപന ത്തിന്റെ പേര് | അപേക്ഷ യിൽ രേഖപ്പെട്ട ത്തി യിരിക്കുന്ന യന്ത്ര ത്തിന്റെ കുതിര ശക്തി(HP) | ചുമത്താ വുന്ന പരമാവ ധി ഫീസ് |
|---|---|---|---|---|
| വേലായുധൻ.കെ | 7/265 | റൈസ് മിൽ | 10 | 200 |
| മായൻകുട്ടി | 2/203 | കെ.എം.കെ. റൈസ് മിൽ | 10 | 200 |
| കെ.നൂർമുഹമ്മദ് | 8/249 | ജറീന സോ മിൽ | 35 | 400 |
| കൃഷ്ണൻകുട്ടി | 8/96 | വിനായക റൈസ് മിൽ | 10 | 200 |
| ഉമ.എം. | 4/103 | ശ്രീഗുരുവായൂരപ്പൻ ഫുഡ് കമ്പനി | 10 | 200 |
| അശോക് കുമാർ | 1/652 | കൈരളി എഞ്ചിനീ യറിംഗ് | 5 | 100 |
| ജയപ്രകാശൻ | 5/407 | മഹിമ എഞ്ചിനീ യറിംഗ് | 7 | 100 |
| പ്രകാശൻ.കെ.ജി. | 8/512 | അവിട്ടം ഇൻഡ സ്ട്രീസ് | 60 | 1000 |
| രഞ്ജിത്ത് | 11/650 | കാലിത്തീറ്റ | 30 | 400 |
| മുഹമ്മദ് റാഫി | 4/398 | പി.കെ.ആർ മോഡേൺ റൈസ് മിൽ | 96 | 1000 |
| എൻ.എ.അബ്ദുൾ റഹിമാൻ | 16/555 | ഫോർട്ട് പോളി പ്രോഡക്റ്റ്സ് | 10 | 200 |
| നിഷാജ്.കെ.എ. | 16/396 | സൗത്ത് ഇൻ പോളിമേഴ്സ് | 98.5 | 1000 |
| ഹരിദാസ് | 12/27 | നന്മ ഹോളോബ്രിക്സ് | 8 | 100 |
| അബ്ദുൾ മജീദ് | 7/4 | എം.വി.എസ് സോമിൽ | 31 | 400 |

മേൽ തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സ്ഥാപനങ്ങളുടെ കൃത്യമായ ഡാറ്റ തയ്യാറാക്കി ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 3/10-08-2021 നുള്ള മറുപടിയിൽ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് 22 സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിതയായി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

ആവശ്യമായ ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന്

ഉറപ്പാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-12-2 ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു**

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന ക്ഷീരോത്പാദകസഹകരണ സംഘങ്ങൾ 2020-21 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല .

1.) തേങ്കുറിശ്ശി ക്ഷീര സഹകരണ സംഘം

2.) വലിയാട്ട് കുന്ന് ക്ഷീര സഹകരണ സംഘം

3.) മഞ്ഞളൂർ ക്ഷീര സഹകരണ സംഘം
മേൽ സംഘങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 3/10-08-2021 നുള്ള മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുട വിവരം അറിയിക്കേണ്ടതാണ്.

**1-12-3 ലൈസൻസിനുള്ള അപേക്ഷകളിൽ മൂലധന നിക്ഷേപം ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല**

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരമാവധി ഫീസ് ഈടാക്കേണ്ടതാണ്.

| വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|
| മൈക്രോ | 500/- |
| മിനി | 1000/- |
| സ്മാൾ | 5000/- |
| മീഡിയം | 10000/- |
| ലാർജ്ജ് | 15000/- |

മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | ലൈസൻസ് ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| രാജേഷ് | യുണീക് കിച്ചൻ & ഇൻറ്റീരിയേഴ്സ് | 12/336 | 1000 |
| വിനോദ്.സി | രാജ് ബ്രദേഴ്സ് സ്റ്റോർ | 11/88 | 500 |
| മനോജ് .എം. | എം.എം.സ്റ്റോർ | 17/547 | 300 |
| എൻ.എ.അബ്ദുൾ റഹിമാൻ | ഫോർട്ട് പോളി പ്രൊഡക്സ് | 16/555 | 1500 |
| ശശിധരൻ | ദീപം ഗ്രാനൈറ്റസ് | 10/195 | 15000 |

ഓരോ സ്ഥാപനത്തിന്റേയും മൂലധനനിക്ഷേപം ഉറപ്പുവരുത്താതെയാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഈടാക്കുന്നത്. ഒരേ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമില്ല.

ഓരോ വിഭാഗത്തിന്റേയും പരമാവധി ഫീസ് ആണ് പട്ടികയിൽ നൽകിയിട്ടുള്ളത്. ആയതിനാൽ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകളിൽ കൃത്യമായ മൂലധന നിക്ഷേപം ചേർക്കുന്നുവെന്നും ആയതിനനുസരിച്ച് ഫീസ് ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 4/12-08-2021 നുള്ള മറുപടിയിൽ അപേക്ഷകളുടെ പരിശോധനയിലെ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-4 ലൈസൻസ് അപേക്ഷയിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്

ലൈസൻസ് അപേക്ഷകളിലെ നിബന്ധനകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019 പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. ആയതിനാൽ ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഒഴിവാക്കി പുതുക്കിയ നിബന്ധനകൾ ചേർക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 4 /12-08-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-5 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. എന്നാൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ തൻവർഷം പുതുക്കലിനുള്ള അപേക്ഷയോടൊപ്പം മറ്റ് രേഖകളെല്ലാം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അപേക്ഷകനിൽ നിന്നും ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടെത്തി.

ഉദാ.

1.) ശ്രീ.ശശിധരൻ, ആനിക്കോട്, എന്ന വ്യക്തിയുടെ ദീപം ഗ്രാനൈറ്റ് എന്നപേരിൽ പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റിന് 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കി നല്കിയിട്ടുണ്ട്. ലൈസൻസ് അപേക്ഷയോടൊപ്പം ഫയർ NOC, മൈനിംഗ് & ജിയോളജി വകുപ്പിന്റെ സാക്ഷ്യപത്രം, മലിനീകരണ

നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, വ്യവസായ വകുപ്പിന്റെ അനുമതി തെളിയിക്കുന്ന രേഖ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സത്യവാങ്മൂലം ലഭ്യമാക്കിയിട്ടില്ല.

2.) ശ്രീ.ആന്റണി സെബാസ്റ്റ്യൻ, സീനിയർ വൈസ് പ്രെസിഡന്റ് (വി-ഗാർഡ് ഇൻഡസ്ട്രീസ് , കൊച്ചി എന്നവരുടെ വി-ഗാർഡ് എന്ന് സ്ഥാപനത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് പുതുക്കി നല്കിയിരിക്കുന്നു.

3.) എൻ.എ.അബ്ദുൾറഹിമാൻ എന്ന വ്യക്തിയുടെ ഫോർട്ട് പോളി പ്രൊഡക്ട്സ്, വിളയന്നൂർ, തേങ്കുറിശ്ശി എന്ന സ്ഥാപനത്തിന് ലൈസൻസ് പുതുക്കുന്നതിനായി കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സത്യവാങ്മൂലം ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള രേഖകൾ മാത്രം ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം 4/12-08-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-6 പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകളാണ് ഉള്ളത്. റേഷൻ ഡിപ്പോകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം – 2/10-08-2021).

## 1-13 പുതിയതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കേണ്ടതാണ്

എം.എൽ.എ ഫണ്ടുപയോഗിച്ച് പഞ്ചായത്ത് ഓഫീസിനോടു ചേർന്നുള്ള സ്ഥലത്ത് പുതിയതായി ഒരു കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പഴയ കമ്മ്യൂണിറ്റി ഹാൾ പൊളിച്ചുമാറ്റിയാണ് എം.എൽ.എ ഫണ്ടിൽ നിന്നും 1.40 കോടി രൂപ ചെലവഴിച്ച് പുതിയ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുള്ളത്.
കെട്ടിട നിർമ്മാണം മാത്രമാണ് എം.എൽ.എ ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളത്. ടോയ്‌ലറ്റ് കോംപ്ലക്സ്, സംരക്ഷണ ഭിത്തി, ചുറ്റുമതിൽ മുതലായ അനുബന്ധ നിർമ്മിതികൾ ഗ്രാമപഞ്ചായത്താണ് പൂർത്തീകരിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാളിനായി തൻവർഷം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ/ ഫണ്ട് | ചെലവ് |
|---|---|---|---|
| 26/21-പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ടോയ്‌ലറ്റ് നിർമ്മാണം | അസി. എഞ്ചിനിയർ | 1000000 | 800158 (ബിൽ നം. 113/29-02-2021) |
| 243/20-പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ സംര ക്ഷണ ഭിത്തി – ഒന്നാം ഘട്ടം | അസി. എഞ്ചിനിയർ | 406600 | 406528 (ബിൽ നം. 26/1-4-2020) |
| 247/20-പഞ്ചായത്ത് | അസി. | 480000 | 479912 |

| | | | |
|---|---|---|---|
| കമ്മ്യൂണിറ്റി ഹാൾ സംരക്ഷണ ഭിത്തി – ഒന്നാം ഘട്ടം | എഞ്ചിനിയർ | (തനതു ഫണ്ട്) | (ചെക്ക് നം. 2103856/3-8-2020) |
| 134/21-കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണീച്ചർ അനുബന്ധ സാമഗ്രികൾ വാങ്ങൽ | സെക്രട്ടറി | 200000 (തനതു ഫണ്ട്) | 0 |
| 117/21-കമ്മ്യൂണിറ്റി ഹാളിൽ സോളാർ വൈദ്യുതീകരണം | സെക്രട്ടറി | 600000 (CFC) | 0 |
| 293/21-ശ്മശാനത്തിലേക്കും കമ്മ്യൂണിറ്റി ഹാളിലേക്കും സി.സി.ടി.വി | സെക്രട്ടറി | 100000 (തനതു ഫണ്ട്) | 0 |

ഒരു ദിവസത്തേക്ക് ഹാൾ ഉപയോഗിക്കുന്നതിനായി 12000 രൂപയും GSTആണ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പുതിയ കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് അസി.എഞ്ചിനിയർ ഹാജരാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു.

കമ്മ്യൂണിറ്റി ഹാൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനായി ലക്ഷ്യമിട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പ്രകാരം തുകയൊന്നും ചെലവഴിക്കാതിരുന്നതിന്റെ കാരണവും അനുബന്ധ സൗകര്യങ്ങളുടെ നിലവിലെ അവസ്ഥയും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.18/16-8-2021 നുള്ള മറുപടിയിൽ കോവിഡ് നിയന്ത്രണങ്ങൾ തീരുന്ന മുറയ്ക്ക് റവന്യൂ വർദ്ധനവിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

- അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്.
- ഇളവു വരുത്തുന്ന മുറയ്ക്ക് കമ്മ്യൂണിറ്റി ഹാൾ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി നൽകേണ്ടതും ആയതിൽ നിന്നും നിശ്ചിത വരുമാനം ഉറപ്പാക്കേണ്ടതുമാണ്.
- ആസ്തി രജിസ്റ്ററിൽ കമ്മ്യൂണിറ്റി ഹാളിന്റെ വിശദാംശങ്ങൾ ചേർക്കേണ്ടതാണ്.
- ഹാളിന്റെ പരിപാലനം ഗ്രാമപഞ്ചായത്തിന് ബാധ്യത വരുത്താത്ത വിധത്തിൽ കാലാകാലങ്ങളിൽ വാടക പുതുക്കി നിശ്ചയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-14 മുറികളുടെ വാടക കുടിശ്ശിക പരിച്ചെടുക്കേണ്ടതാണ്</u>

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് ക്ലോംപ്ലക്സ് വാടക രജിസ്റ്ററിന്റെ പരിശോധനയിൽ 8/202, 8/203, 8/204 എന്നീ മുറികളുടെ വാടകയിനത്തിൽ 167699 രൂപ കുടിശ്ശികയുണ്ട്. ഈ മുറികൾ ആലത്തുർ, ബാംബൂ കോർപ്പറേഷൻ വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്.

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന കടമുറികൾക്ക് പത്ത് ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മൂന്ന് ശതമാനം 50%ന് മുകളിൽ അംഗവൈകല്യം ഉള്ള വികലാംഗർക്കും സംവരണം ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-6/12-8-2021 നുള്ള മറുപടിയിൽ കുടിശ്ശിക ഈടാക്കാനായി ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുറകൾ വാടകയ്ക്ക് നൽകുന്നതിൽ സംവരണം പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

<u>1-15 തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം</u>

കാര്യക്ഷമമമാക്കേണ്ടതാണ്

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ ജലവിതരണ സംവിധാനം കാര്യക്ഷമമാണോ എന്നും വാട്ടർ അതോറിറ്റിക്ക് തുക അടവാക്കുന്നതിൽ കൃത്യത പാലിക്കുന്നുണ്ടോ എന്നും പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) പൊതു ടാപ്പുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാട്ടർ അതോറിറ്റിയ്ക്ക് കീഴിൽ 207 പൊതുടാപ്പുകൾ വഴി ജലവിതരണം നടത്തുന്നുണ്ട്. ഒരു പൊതുടാപ്പിന് പ്രതിവർഷം 5250 രൂപയാണ് വാട്ടർ അതോറിറ്റിക്ക് അടവാക്കി വരുന്നത്. പ്രതിമാസം 90563 രൂപ ഈ ഇനത്തിൽ ചെലവ് വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുമായി നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്താത്തതിനാൽ ഉപയോഗിക്കാത്ത പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് ഇടയാക്കും എന്നതിനാൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ജൽജീവൻ മിഷൻ

ജൽജീവൻ മിഷൻ പദ്ധതിയിലൂടെ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2023-24 ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ നടത്തിപ്പിലേക്കായി 9.99 കോടി രൂപയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ബഹു. സംസ്ഥാന ജലവകുപ്പ് മന്ത്രിയുടെ 16.06.2020 ലെ 124/M/WRD/L/2020 നമ്പർ കത്തിൽ പ്രതിപാദിച്ചിട്ടുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ടിംഗ് രീതി ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് വിഹിതം = 15%
ഉപഭോക്തൃ വിഹിതം = 10%
സംസ്ഥാന ജലവിഭവ വകുപ്പിന്റെ വിഹിതം = 30%
കേന്ദ്ര വിഹിതം = 45%

ജൽജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി 15% തുക (1.5 കോടി രൂപ) പഞ്ചായത്ത് വിഹിതം കണ്ടെത്തി വകയിരുത്തുന്നതിന് 17.06.2020 ലെ 18(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിയ്ക്കായി തുക വകയിരുത്തുന്നതിന് തനത് ഫണ്ടിനെ മാത്രം ആശ്രയിക്കാതെ വിവിധ ധനസ്രോതസ്സുകളും പരിഗണിക്കേണ്ടതാണ്.

ആയതിലേക്കായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 25/17.08.2021)

സി) ഓഡിറ്റ് നിർദ്ദേശം

1) വാട്ടർ അതോറിറ്റിയുമായി സംയോജിച്ച് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

2) ജൽജീവൻ മിഷൻ പദ്ധതി മുഖേന ഗാർഹിക കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതുമാണ്.1-4-2011 മുതൽ 16-4-2011 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2006-07 മുതൽ 2010-11 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല. പെർഫോമൻസ് ഓഡിറ്റ് 7/2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

3) ജലക്രാന്തി അഭിയാൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ എല്ലാ ജലസ്രോതസ്സുകളുടെയും പട്ടിക തയ്യാറാക്കേണ്ടതും, ജല സംരക്ഷണ പ്രവൃത്തികൾ ദേശീയ തൊഴിലുറപ്പ് പദ്ധതി വഴി നടപ്പാക്കുന്നത് പരിഗണിക്കേണ്ടതുമാണ്.

4) ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.

5) കിണർ സർവേ നടത്തുകയും വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നീ ഘടകങ്ങളുടെ മുൻഗണന പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

6) മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യാവുന്നതാണ്.

7) സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യാവുന്നതാണ്.

മേൽ വിഷയത്തിലേക്ക് കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനവും ഹരിതകർമ്മസേനയുടെ പ്രവർത്തനവും

### I. മാലിന്യ സംസ്കരണ സംവിധാനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളാണ്. നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ വിവിധ തരം മാലിന്യങ്ങൾ കൈകാര്യം ചെയ്യേണ്ട വിധവും സെക്രട്ടറിയുടെ അധികാരവും വിവരിച്ചിട്ടുണ്ട്.

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ പൊതു സ്ഥലങ്ങളിലെ മാലിന്യ നീക്കത്തിനായി പ്രത്യേക സംവിധാനമൊന്നും നിലവിലില്ല. മാലിന്യ ശേഖരണത്തിനായി പ്രത്യേകം തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല. വിവിധ ഉറവിടങ്ങളിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പ്ലാന്റും സ്ഥാപിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

#### എ. ഉറവിടമാലിന്യങ്ങളുടെ സംസ്കരണം ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കി ഉറവിട മാലിന്യങ്ങളുടെ അളവ് കുറവു ചെയ്യാവുന്നതാണ്. അപ്രകാരമുള്ള പരിശോധനാ സംവിധാനം ഗ്രാമപഞ്ചായത്ത് മറ്റു വകുപ്പുകളുടെ കൂടി സഹകരണത്തോടെ ഏർപ്പെടുത്തേണ്ടതാണ്. ചിക്കൻ സ്റ്റാളുകൾ, അറവു ശാലകൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമാണെന്നും ഉറപ്പാക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണം ഏർപ്പെടുത്തേണ്ട സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുള്ള സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 29-11-2017-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

#### ബി. ഭരണസമിതിയുടേയും ഉദ്യോഗസ്ഥന്മാരുടേയും ചുമതലകൾ

കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കുലർ നം. ഡി.സി.1/222/2020/തസ്വഭവ തിയതി 10-06-2020 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സെക്രട്ടറിമാരുടേയും ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യ പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം കാണേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

ജി.ഒ(ആർടി)നം.880/2021/തസ്വഭവ തിയതി 16-04-2021 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ, സെക്രട്ടറി, അസി.സെക്രട്ടറി, വി.ഇ.ഒ, എഞ്ചിനിയറിംഗ് വിഭാഗം എന്നിവരുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(ആർടി)നം.2307/2020/തസ്വഭവ തിയതി 14-12-2020, ജി.ഒ(ആർടി)നം.949/2021/തസ്വഭവ

തിയതി 5-5-2021 എന്നിവ പ്രകാരം മാലിന്യ സംസ്കരണ പ്രോജക്റ്റുകളുടേയും മാലിന്യ സംസ്കരണ സംവിധാനങ്ങളുടേയും ചുമതല വി.ഇ.ഒ മാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ അവരവരുടെ ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നുണ്ടെന്ന് ഭരണസമിതിയും ഉന്നത ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

<u>സി. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള ഉപാധികളുടെ പ്രോൽസാഹനം</u>

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 14-02-2018 ലെ ഖ. 6.8 പ്രകാരം അനുവദനീയമായ ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകളൊന്നും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആവിഷ്കരിച്ചതായി കാണുന്നില്ല.

വീടുകളിലെ ജൈവമാലിന്യ സംസ്കരണ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് സാധിക്കും എന്നതു കണക്കിലെടുത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

<u>ഡി. ബദൽ ഉത്പന്നങ്ങളുടെ പ്രോൽസാഹനം</u>

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ തുണി, കടലാസ് എന്നിവ ഉപയോഗിച്ചുള്ള സഞ്ചികൾ, ക്യാരി ബാഗുകൾ മുതലായവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. അത്തരത്തിലുള്ള പ്രോജക്റ്റുകളൊന്നും ഏറ്റെടുത്തതായി കാണുന്നില്ല.

<u>ഇ. വിവിധ ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തൽ</u>

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദവും ശാസ്ത്രീയവുമായി നിർവ്വഹിക്കുന്നതിനായി ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി, ഹരിതസഹായ സ്ഥാപനം (ഐ.ആർ.ടി.സി) എന്നിവയുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

<u>II. ഹരിതകർമ്മസേനയുടെ പ്രവർത്തനം</u>

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശിപാർശകളും താഴെ ചേർക്കുന്നു.

<u>എ. പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ</u>

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി(പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ) 2-8 -2021ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ബൈലോ പ്രകാരം വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും യൂസർ ഫീ ആയി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വീടുകളിൽ നിന്നും 30 രൂപയാണ് നിലവിൽ ഈടാക്കി വരുന്നത്.

<u>ബി. ഹരിത കർമ്മസേനയുടെ രൂപീകരണം</u>

17 വാർഡുകളുള്ള തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയിൽ നിലവിൽ 46 അംഗങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വാർഡിൽ രണ്ടു പേരെ നിയമിക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളത്.

പ്രവർത്തന പ്രദേശത്തെ വീടുകളും സ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് കഴുകി

വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതല ഹരിതകർമ്മസേനയിൽ നിക്ഷിപ്തമാണ്. കൂടാതെ, ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റ് ചുമതലകളും ഹരിതകർമ്മസേന നിർവ്വഹിക്കേണ്ടതാണ്.

മാർഗ്ഗരേഖ പ്രകാരം ഏൽപ്പിക്കപ്പെട്ട അജൈവമാലിന്യ ശേഖരണം നടത്തി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള എം.സി.എഫിൽ സൂക്ഷിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്.

സി. യൂസർഫീ ഈടാക്കൽ

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ യൂസർ ഫീ ഇനത്തിൽ വീടുകളിൽ നിന്ന് 30 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ 8719 വീടുകളും 983 വ്യപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരതികർമ്മസേന കണക്കാക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി 7414 വീടുകളിൽ ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യ ശേഖരണത്തിനായി സന്ദർശനം നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

യൂസർ ഫീ ഇനത്തിൽ 2020-21 വർഷത്തിൽ 233000 രൂപ വരവുണ്ട്. വരവ് പ്രതിമാസം ശരാശരി 20000 രൂപയിൽ താഴെ മാത്രമാണ്. ആയത് ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ അപര്യാപ്തമാണ്.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും വിമുഖത കാണിക്കുന്നുണ്ടെന്ന് വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. വീട്ടുകാർ യൂസർ ഫീ ഒടുക്കുന്നതിൽ വിമുഖത കാണിക്കുന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

ഡി. ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

സ.ഉ(സാധാ)നം.703/2019/തസ്വഭവ തിയതി 25-3-2019 പ്രകാരം 2019-20 വർഷത്തിൽ വാർഡ് ഒന്നിന് 11600 രൂപ വീതം ഹരിത കർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം 2020-21 വർഷത്തിൽ ഹരിതകർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം (നം. 150/21) തൻവർഷം 100000 രൂപ ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട് (സി.എഫ്.സി ഫണ്ട്).

ഇ. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു എം.സി.എഫ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

എം.സി.എഫിനോടനുബന്ധിച്ച് ഗ്രാമപഞ്ചായത്ത് മറ്റൊരു അനുബന്ധ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

131/20- മാലിന്യ സംസ്കരണത്തിനുള്ള കെട്ടിട നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

വികസന ഫണ്ടിൽ നിന്നും 179040 രൂപ എം.സി.എഫി നോടു ചേർന്നുള്ള കെട്ടിടത്തിനായി ചെലവഴിച്ചിട്ടുണ്ട്.

എം.സി.എഫിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല. എം.സി.എഫിൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 580000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും തൻവർഷം നടപ്പാക്കിയിട്ടില്ല. (പ്രൊ.നം.316/21). 2021-22 വർഷത്തിൽ ബെയ്‌ലിംഗ് മെഷീൻ ആവശ്യപ്പെട്ടുകൊണ്ട് ക്ലീൻ കേരള കമ്പനിക്ക് 5.6 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

എം.സി.എഫ് കെട്ടിടത്തിൽ റാക്ക്, അനുബന്ധ പ്രവൃത്തികൾ എന്ന പേരിൽ 550000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച് പ്രോജക്ടും നടപ്പാക്കിയിട്ടില്ല. (പ്രൊ.നം.317/21).

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

എഫ്. റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല.

<u>ജി. ഹരിത സഹായ സ്ഥാപനങ്ങൾ</u>

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടതാണെന്നും വേതനം നിശ്ചയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നാളിതുവരെ ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടില്ല.

<u>എച്ച്. ക്ലീൻ കേരള കമ്പനി</u>

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ലീൻ കേരള കമ്പനിക്ക് ഹരിത കർമ്മസേന ഒരു ടണ്ണോളം പ്ലാസ്റ്റിക് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വില ഹരിതകർമ്മേസനയ്ക്ക് നാളിതുവരെ ലഭ്യമായിട്ടില്ല.

ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ ഫലപ്രദമായി കയ്യൊഴിക്കുന്നുണ്ടെന്നും ആയതിലൂടെ ലഭ്യമാകുന്ന തുക ഹരിതകർമ്മസേനയുടെ/കൺസോർഷ്യത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

<u>ഐ. ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്</u>

ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ 31-3-2021 വരെ 291174 രൂപ മാത്രമാണ് നിലവിലെ നീക്കിയിരിപ്പ് എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ജെ. വി.ഇ.ഒ മാരുടെ ചുമതലകൾ</u>

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല

നൽകിയിട്ടുണ്ട്. ആയതനുസരിച്ച് വി.ഇ.ഒ മാർ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- വിവിധ നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം ഭരണസമിതിയിലും ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്.
- ബദൽ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുവാൻ വിവിധ ഏജൻസികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം മാർഗ്ഗരേഖ പ്രകാരം പരിമിതപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്.
- പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ബൈലോ പ്രകാരം വീടുകളിൽ നിന്നും ഈടാക്കുവാൻ നിശ്ചയിച്ച യൂസർ ഫീസ് ഈടാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- വാർഡ്തലത്തിലും ഗ്രാമപഞ്ചായത്ത്തലത്തിലും നിശ്ചിത സൗകര്യങ്ങളോടുകൂടിയ എം.സി.എഫുകൾ / മിനി എം.സി.എഫുകൾ നിർമ്മിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
- മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്തും സെക്രട്ടറിയും വിഇഒ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരും സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/16.08.2021)

## 1-17 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല – തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2018-19 വർഷത്തിൽ ക്ലീൻ കേരള കമ്പനിയ്ക്ക്

വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നല്കിയ 519324 രൂപ റീഫണ്ട് ചെയ്തിട്ടുള്ളതായും പദ്ധതി നടപ്പാകാതിരുന്നതിനാൽ തിരികെ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും 2020-21 വർഷത്തെ ബാലൻസ്ഷീറ്റ്, ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

പ്രോജക്റ്റ് - 32/19, ഹരിതകേരളം- പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്

അടങ്കൽ- 580000 ( വികസന ഫണ്ട്- ജനറൽ = 520000 രൂപ + തനത് ഫണ്ട് = 60000 രൂപ)

ചെലവ് - 519324 (ബിൽ നം- 21/24-11-2018)

മാഹാളികുടം എന്ന സ്ഥലത്ത് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി ഷ്രഡിംഗ് മെഷീൻ വാങ്ങുന്നതിനായി മേൽ പറഞ്ഞ പ്രകാരം 519324 രൂപ മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനിക്ക് അഡ്വാൻസായി തുക നൽകിയിരുന്നു. 2018-19 ഓഡിറ്റിൽ ഷ്രെഡ്ഡിംഗ് മെഷീൻ സപ്ലൈ ചെയ്തിട്ടില്ല എന്നും ആയത് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിരിന്നു.

ചെലവഴിക്കാതെ ശേഷിക്കുന്ന വികസന ഫണ്ട് സർക്കാറിലേക്ക് തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/16.08.2021 ന് മറുപടി ലഭ്യമായില്ല.

<u>1-18 ചട്ടപ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്</u>

<u>എ) ദുരിതാശ്വാസ നിധി</u>

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി ഗ്രാമപഞ്ചായത്തിന് രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നാഷണലൈസഡ് ബാങ്കിലോ, കോഓപ്പറേറ്റീവ് ബാങ്കിലോ അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

2020-21 ലെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ Distress Relief Fund എന്ന ഇനത്തിൽ 3000 രൂപ ലഭ്യമായിട്ടുണ്ടെന്ന ബോധ്യപ്പെട്ടു. എന്നാൽ ദുരിതാശ്വാസ നിധി നിലവിലില്ലാത്തതിനാൽ തുക തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

<u>ബി) കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട്</u>

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരിതാശ്വാസത്തിനായി ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ച് ഈ ആവശ്യത്തിന് മാത്രമായി തുക വിനിയോഗിക്കുന്നതിന് 29.04.2021 ലെ സ.ഉ(സാധാ) നം.929/2021/ തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ആവശ്യത്തിലേക്കായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിച്ച് കോവിഡ്

ദുരിതാശ്വാസത്തിനായി പ്രത്യേക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/14.08.2021 ന് ഭരണസമിതിൽ വിഷയം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും കോവിഡ് ദുരിതാശ്വാസത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സി) ഓഡിറ്റ് നിർദ്ദേശം

1) ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ചട്ടപ്രകാരമുള്ള അക്കൗണ്ട് ആരംഭിക്കേണ്ടതും കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ആരംഭിച്ചിട്ടുള്ള പ്രത്യേക അക്കൗണ്ടിൽ നിന്നും ഈ ആവശ്യത്തിന് മാത്രമായി തുക വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

3) ചട്ടം അനുവദിക്കുന്ന നടപടികളിലൂടെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ദുരിതാശ്വാസ നിധി രൂപീകരണം, കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട് എന്നീ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് വൈദ്യുതി ബോർഡിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരണ വിവരം, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് വിവരം

1) പ്രോജക്ട് നം, പേര്- 191/21, പട്ടികജാതി കോളനികളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ (സ്പിൽ ഓവർ)
അടങ്കൽ- 300000 രൂപ (വികസന ഫണ്ട്- ജനറൽ)
ചെലവ്- 300000 രൂപ
ബിൽ നമ്പർ, തിയതി, തുക- 1/20.04.20, 300000 രൂപ
2) പ്രോജക്ട് നം, പേര്- 191/21, എസ്.സി കോളനി സ്ട്രീറ്റ്മെയിൻ വലിക്കൽ
അടങ്കൽ- 220000 രൂപ (വികസന ഫണ്ട്- ജനറൽ)
ചെലവ്- 220000 രൂപ
ബിൽ നമ്പർ, തിയതി, തുക- 2/20.04.20

ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/14.08.2021 നുള്ള മറുപടിയിൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുക വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 അഗതിരഹിത കേരളം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള തുകകൾ ചെലവഴിക്കുന്നതിൽ കാലതാമസം

തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ അഗതിരഹിത കേരളം പദ്ധതി നടത്തിപ്പിലേക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം ആവിഷ്കരിച്ച 2 പ്രോജക്ടുകൾ പ്രകാരം കുടുംബശ്രീ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറി നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ടുകളുടെ വിവരം

1) പ്രോജക്ട് നമ്പർ- 109/21 – അഗതി രഹിത കേരളം പഞ്ചായത്ത് വിഹിതം

അടങ്കൽ- 300000 രൂപ (വികസന ഫണ്ട്- ജനറൽ)

ചെലവ്- 300000 രൂപ

ബിൽ നമ്പർ, തിയതി, തുക- 17/15.09.2020- 300000 രൂപ

2) പ്രോജക്ട് നമ്പർ- 294/21 – അഗതി രഹിത കേരളം പഞ്ചായത്ത് വിഹിതം

അടങ്കൽ- 200000 രൂപ (തനത് ഫണ്ട്)

ചെലവ്- 200000 രൂപ

ചെക്ക് നമ്പർ, തിയതി, തുക- 529728/22.09.2020, 200000 രൂപ

ബി) ചെലവ് വിവരം

പദ്ധതികൾ പ്രകാരം 500000 രൂപ കേരള ഗ്രാമിൺ ബാങ്കിലെ (KLGB 0040294) 40294101062007 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതിൽ 200000 രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളത് എന്ന് ചെലവ് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

രാജേശ്വരി, W/O ബാലകൃഷ്ണൻ, തേങ്കുറിശ്ശി എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി താഴെ പറയുന്ന പ്രകാരം 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ചെക്ക് നമ്പർ, തിയതി, തുക-

003317/24.09.20, 100000 രൂപ

003318/19.11.20, 100000 രൂപ

മുൻ വർഷത്തിൽ അനുവദിച്ചിട്ടുള്ള തുകകളുൾപ്പടെ ഈ ഗുണഭോക്താവിന് ആകെ 4 ലക്ഷം അനുവദിക്കുകയും ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതി പ്രകാരം അഗതിരഹിതകേരളം അക്കൗണ്ടിൽ 3 ലക്ഷം രൂപ അവശേഷിക്കുന്നുണ്ടെങ്കിലും ആയത് ചെലവഴിച്ചിട്ടില്ല. അഗതിരഹിതകേരളം അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് അനുവദിച്ച മൂന്ന ലക്ഷം രൂപ ചെലവഴിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 10/14.08.2021 )

സി) ഓഡിറ്റ് നിർദ്ദേശം

അഗതിരഹിതകേരളം അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് അനുവദിച്ച മൂന്ന ലക്ഷം രൂപ ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ചെലവ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ഭവന നിർമാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2020-21 വർഷത്തിൽ വി ഇ ഓ നടപ്പാക്കിയ LIFE ഭവന നിർമാണ പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ജനറൽ, എസ്.സി വിഭാഗം ഗുണഭോക്താക്കളിൽ ഏതാനും പേർ ധനസഹായം കൈപ്പറ്റി ഇതുവരെയായും ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമായി. ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾ നിർവഹണ ഉദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറിൽ ധനസഹായം കൈപ്പറ്റി ആറു മാസത്തിനകം വീട് പണി പൂർത്തികരിക്കുമെന്നും ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല എന്നും വ്യവസ്ഥയുണ്ട്. ഭവന നിർമ്മാണത്തിൽ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള സമയക്രമം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരും മോണിട്ടറിംഗ് സമിതിയും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭവന നിർമാണം പൂർത്തിയാക്കാനായി സ്വീകരിച്ച നടപടികളുടെ വിവരവും ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറിയ്ക്ക് (19/16.8.2021) ഏതാനും ചില ഗുണഭോക്താക്കളൊഴികെ മറ്റെല്ലാവരും അവസാനഘട്ട നിർമാണത്തിലാണെന്നും ഭവന നിർമാണം നടത്താത്തവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും എന്നറിയിച്ചു. ഭവന നിർമാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിശദവിവരം ഖ-1-21-1(ജനറൽ വിഭാഗം), 1-21-2(എസ്.സി വിഭാഗം) ആയി ചേർത്തിട്ടുണ്ട്.

1-21-1 ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ളവർ-ജനറൽ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നൽകാനുള്ള തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ജ്യോതി, W/O രവീന്ദ്രൻ വിളയന്നൂർ | 360000 | 40000 | റൂഫ് |
| 2 | രാധ, W/O നാച്ചൻ വള്ളിക്കാട് | 360000 | 40000 | റൂഫ് |
| 3 | ഷെരീഫ ഷക്കീർ എറവക്കോട് | 40000 | 360000 | നോട്ടിസ് നല്കി |
| 4 | ഗിരിജ രാജൻ പച്ചലാംകോട് | 360000 | 40000 | റൂഫ് |
| 5 | സന്ധ്യ ഉദയകുമാർ പുത്തനാണ്ടിത്തറ തേങ്കുറിശ്ശി | 40000 | 360000 | ലിന്റൽ |
| 6 | സജിത നാരായണ സ്വാമി വടക്കേത്തറ | 300000 | 100000 | റൂഫ് |

1-21-2 ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളവർ-എസ് സി വിഭാഗം

| ക്രമ നം. | പേര് | നൽകിയ തുക | നൽകാനുള്ള തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ലക്ഷ്മി പറച്ചിരിക്കാട് തേങ്കുറിശ്ശി | 40000 | 360000 | RR നടപടി കൾക്ക് ശുപാർശ ചെയ്തു |
| 2 | സുമതി വെള്ളപ്പൻ നമ്പൂതിരിക്കാട് | 360000 | 40000 | റൂഫ് |
| 3 | പ്രസന്ന എറവക്കോട് പെരുങ്കുന്നം | 360000 | 40000 | റൂഫ് |
| 4 | ലക്ഷ്മി കാമരാജ് നമ്പൂതിരിക്കാട് | 360000 | 40000 | റൂഫ് |
| 5 | ലക്ഷ്മി കൃഷ്ണൻകുട്ടി കിഴക്കേത്തറ വിളയൻചാത്തനൂർ | 40000 | 360000 | ബേസ്മെന്റ് |
| 6 | രുഗ്മിണി W/O ശങ്കരനാരായണൻ കരുവായ് | 360000 | 40000 | റൂഫ് |
| 7 | രോഷ്നി ബാലകൃഷ്ണൻ കിഴക്കേത്തറ | 200000 | 200000 | മെയിൻ വാർപ്പ് |
| 8 | പാർവതി നരിക്കലിൻകാട് | 300000 | 100000 | മെയിൻ വാർപ്പ് |

| | | | | |
|---|---|---|---|---|
| | മഞ്ഞളൂർ | | | |
| 9 | ശാന്ത കൃഷ്ണൻ വള്ളിക്കാട് മഞ്ഞളൂർ | 200000 | 100000 | മെയിൻ വാർപ്പ് |

## 1-22 സാധനങ്ങളുടെ സമാഹരണത്തിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ തേങ്കുറിശ്ശി ജി.എൽ.പി. സ്കൂളിലെ കണ്ടിജന്റ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി പ്രധാനാദ്ധ്യാപിക നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതി പ്രകാരം സ്കൂളിലേക്ക് 2 അലമാരകൾ വാങ്ങിയിട്ടുണ്ട്.

പ്രോജക്ട് – 132/21, ജി. എൽ.പി സ്കൂൾ- കണ്ടിജന്റ് ചെലവുകൾ
അടങ്കൽ- 50000 രൂപ ( മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)
ചെലവ്- 50000 രൂപ
ബിൽ നമ്പർ, തിയതി, തുക- 2/22.06.2020, 6854 രൂപ
6/25.09.2020, 19912 രൂപ
7/23.01.2021, 9384 രൂപ
8/17.03.2021, 8929 രൂപ
9/27.03.2021, 4921 രൂപ

ബിൽ നമ്പർ 6/25.09.2020 പ്രകാരം 2 അലമാരകളും പെയിന്റുകളും വാങ്ങുന്നതിനും പെയിന്റടിക്കുന്നതിനുള്ള കൂലി ചെലവുകൾക്കുമായാണ് 19912 രൂപ ചെലവഴിച്ചിട്ടുള്ളത്. ആയതിൽ അലമാരകൾ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | ഇനം | സ്ഥാപനം | തുക (രൂപ) |
|---|---|---|---|
| 1 | സ്റ്റീൽ അലമാര<br>- 2 എണ്ണം (4990 X 2) | ലക്ഷ്മി ഫർണിച്ചർ<br>ആന്റ് ജനറൽസ്, പാലക്കാട് | 9980 |

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ. (പി)നം.259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം മതിപ്പ് വില 5000 രൂപയ്ക്ക് മുകളിലും 25000 രൂപയ്ക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ വിതരണക്കാരിൽ നിന്നും സാധനസമാഹരണം നടത്തേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടികയിലെ സാധനങ്ങൾ ക്വട്ടേഷനുകൾ ക്ഷണിക്കാതെ നേരിട്ടാണ് സമാഹരിച്ചിട്ടുള്ളത്. ആയത് സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെയും ലംഘനമാണ്.

വാങ്ങലുകളിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം ന്. 22/16-8-2021 പ്രകാരം വിഷയം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്).

## 1-23 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/ തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച

പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

277/21-സുഭിക്ഷകേരളം-മത്സ്യകൃഷി പ്രോൽസാഹനം

അടങ്കൽ - 150000 (എസ്.സി.പി) + 92250 (സംസ്ഥാനാവിഷ്കൃതം) + 34500 (തനതു ഫണ്ട്) + 92250 (മറ്റിനം) = 369000 രൂപ

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി.ഡി.ഓ കോഡ് ലഭ്യമാകാത്തതിനാലാണ് പഞ്ചായത്തിന്റെ വിഹിതം ചെലവഴിക്കാൻ കഴിയാതിരുന്നത് എന്നും പദ്ധതിക്കുള്ള ഫിഷറീസ് വിഹിതം നല്കിയിട്ടുണ്ട് എന്നും പദ്ധതി നടപ്പാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നം. 17/16.8.2021) ന് മറുപടി ലഭിച്ചു.

കോവിഡിന്റെ സാഹചര്യത്തിൽ പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള സുഭിക്ഷ കേരളം പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-24 വൃദ്ധർക്ക് കട്ടിൽ പദ്ധതി - വാങ്ങൽ നടപടിക്രമം പാലിക്കേണ്ടതാണ്

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4350 ൽ അധികരിക്കാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2020-21 ൽ വൃദ്ധർക്ക് കട്ടിൽ എന്ന പേരിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി 2019-20ൽ ആവിഷ്കരിച്ചതാണ്. ഫോറസ്ററ് ഇൻഡസ്ട്രീസ് ട്രാവൻകൂർ, ആലുവ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. പ്രോജ്ക്ററിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

പ്രോജക്റ്റ് -165/21-വയോജനങ്ങൾക്ക് കട്ടിൽ(ജനറൽ)

അടങ്കൽ -350000(വികസന ഫണ്ട് -ജനറൽ)

ചെലവ് - ബിൽ നം 1/20-21, 20-4-2020- 3,50,000 രൂപ. ജി.ഒ(ആർ.ടി)നം.40/2019/SPD, 13.8.2019 ലൂടെ, FIT(ആലുവ) സ്വന്തമായി നിർമ്മിക്കുന്ന മരം കൊണ്ടുള്ള ഫർണീച്ചർ സർക്കാർ സ്ഥാപനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നിലവിലുണ്ട്. റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉള്ള സാധനങ്ങൾ നിശ്ചിത നിരക്കിൽ വാങ്ങാവുന്നതാണ്. ഉത്തരവിലെ അവസാന ഖണ്ഡികയിൽ റേറ്റ് കോൺട്രാക്റ്റിന്റെ Price List ൽ ഉൾപ്പെടാത്തതും സ്ഥാപനം നിർമിക്കാത്തതുമായ വസ്തുക്കളുടെ കാര്യത്തിൽ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാനും നിർദേശമുണ്ട്. ഈ ഉത്തരവിൽ അനക്സർ 3ൽ ഉൾപ്പെട്ട ക്രമ നമ്പർ 12 - HW Single Cot-200*90cm.Bed Portion In Commercial Plywood ന് സെല്ലിങ്ങ് പ്രൈസ് നിശ്ചയിച്ചിരിക്കുന്നത് 7298 രൂപയാണ്. പദ്ധതി പ്രകാരം വാങ്ങേണ്ട 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ/സ്റ്റീലിൽ പണിത 198*90*60 സെ.മീ അളവിലുള്ള കട്ടിലിന് FIT റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമാണ്. ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം നേരിട്ട് വാങ്ങിയത് മാനദണ്ഡങ്ങളുടെ ലംഘനമാണ്.

FIT ഇൻവോയ്സ് നമ്പർ 393/2019-20, 12.2.2020 അനുസരിച്ച് 3686.44 രൂപ നിരക്കിൽ 198*90*8 Cm സ്പെസിഫിക്കേഷനുള്ള 81 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

അർഹതയില്ലാത്ത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.

വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത, മത്സരം, മിതവ്യയത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകളിലെ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 16/16-8-21 ന് വിശദീകരണം ലഭ്യമായില്ല.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ-100/21-കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ-150875(വികസന ഫണ്ട്SCP)+11625(തനത് ഫണ്ട്)+162500(ഗുണ.വിഹിതം)

ചെലവ്-ബിൽ നമ്പർ P4/2020-21/12.11.2020, 150000രൂപ

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്റ്റ് പ്രകാരം 150875 രൂപ വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.714021400000008). പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. (എൻക്വയറി 26/17.8.21)

## 1-26 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

2020-21 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 25 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 24 |
| 3 | കോൺക്രീറ്റ് കെട്ടിടം | 20 |
| 4 | ഓടിട്ടത് | 5 |
| 5 | ചുറ്റമതിൽ ഇല്ലാത്തവ | 2 |
| 6 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 1 |
| 7 | കടിവെള്ള കണക്ഷൻ ഇല്ലാത്തവ | 1 |
| 8 | കളിപ്പാട്ടങ്ങൾ ഇല്ലാത്തവ | 25 |
| 9 | ടോയ് ലെറ്റ് ഇല്ലാത്തവ | NIL |
| 10 | ബേബി ഫ്രന്റ്ലി<br>ടോയ് ലെറ്റ് ഇല്ലാത്തവ | 10 |

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 അനുസരിച്ച് ഐ.സി.ഡി.എസ്സിനു കീഴിലുള്ള പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 12,36,274 രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2010/ത.സ്വ.ഭ.വ തിയതി 3-9-2010ൽ പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്.

കേന്ദ്ര വിഹിതത്തിലെ നീക്കിയിരിപ്പിൽ നിന്നുള്ള തുക ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ

ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 5/12.8.2021നുള്ള മറുപടിയിൽ 2020-21 വർഷത്തെ കേന്ദ്രവിഹിതം നീക്കിയിരിപ്പിൽ നിന്നും 2021-22ലെ അങ്കണവാടി പൂരക പോഷകാഹാരം പ്രോജക്റ്റ് നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടി(സെന്റർ നമ്പർ-166-വാണിയംപറമ്പ്) വൈദ്യുതീകരിക്കുന്നതിന് പ്രോജക്റ്റ് പ്രെപ്പോസൽ നല്കിയിട്ടുണ്ട് എന്നും അറിയിച്ചു. പ്രോജക്റ്റുകൾക്ക് വകയിരുത്തുന്ന തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-27 പി.എച്ച്സി.ക്ക് ഉപകരണങ്ങൾ വാങ്ങൽ - ടെണ്ടർ രേഖകൾ ലഭ്യമാക്കേണ്ടതാണ്

2020-21 വർഷത്തിലെ പ്രോജക്റ്റുകൾ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ വാങ്ങലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. പ്രൊ.നം. 147/21-പി.എച്ച്.സിക്ക് ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ - 200000 (മെയ്ന്റനൻസ് ഗ്രാന്റ് നോൺ-റോഡ്)
ചെലവ് - 198785 (ബിൽ നം.14/28-3-21)
താഴെ പറയുന്ന സാധനങ്ങൾ വിവിധ സ്ഥാപനങ്ങളിൽ നിന്നായി വാങ്ങിയിട്ടുണ്ട്.
1. യു.പി.എസ്, ബാറ്ററി-2KVA - 66000 രൂപ (ഇൻവോയ്സ്. നം.PBS/20-21/1224 Dt. 31-10-2020)
പോസിറ്റീവ് ബിസിനസ് സൊല്യൂഷൻസ്, പാലക്കാട്.
2. സ്റ്റീൽ അലമാര – 5 എണ്ണം - 61285 രൂപ (ഇൻവോയ്സ് നം. A4/8-3-2021)
അർജ്ജുന ഷോറൂം, പാറ
3. ഓഫീസ് ടേബിൾ, ചെയർ - 56500 രൂപ (ഇൻവോയ്സ് നം. SHD/SV/1808/20/10-3-21)
SRT ഹോം ഡെക്കോർ, ഒലവക്കോട്
4. ഓഫീസ് ടേബിൾ, വിസിറ്റേഴ്സ് ചെയർ - 15000 (ഇൻവോയ്സ് നം. SRT/SV/3673/20/1-3-21)
SRT & കമ്പനി, ഒലവക്കോട്
ആകെ - 198785
ജെ.എച്ച്.ഐ ഓഫീസിലേക്കും സ്റ്റാഫ് നഴ്സ് ഡ്യൂട്ടി റൂമിലേക്കും പാലിയേറ്റീവ് കെയറിന്റെ റൂമിലേക്കും ഓ.പി വിഭാഗത്തിലേക്കും ആവശ്യമായ ഫർണീച്ചറുകളാണ് വാങ്ങിയിട്ടുള്ളതെന്ന് ഫയലിലെ രേഖകൾ വ്യക്തമാക്കുന്നുണ്ട്.
സാധനങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 23/17.8.21 ന് മറുപടി ലഭ്യമായില്ല. രേഖകളുടെ അഭാവത്തിൽ ആയത് ഹാജരാക്കുന്നതുവരെ 198785 രൂപ തടസ്സവാദത്തിൽ വെക്കുന്നു.
രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 157 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 112 പ്രവൃത്തികൾക്കുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 4.42 കോടി രൂപയിൽ 2.87 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 64% ആണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള ചെലവ്. 45 പ്രോജക്റ്റുകൾ സ്പിൽ ഓവറാവുകയും അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് ലാപ്സിനിടയാക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തികൾ പോലും തൻവർഷം സ്പിൽ ഓവറായിട്ടുണ്ട്.

പ്രവൃത്തികളുടെ എണ്ണക്കൂടുതലും കോവിഡ് പ്രതിസന്ധിയും തൻവർഷത്തെ മരാമത്ത് പ്രവൃത്തികളുടെ

നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 7(1)/14-8-2021 ന് അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃതത പാലിക്കണം

അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് കോൺക്രീറ്റിംഗ് | 33 |
| റോഡ് ഫോർമേഷൻ | 4 |
| റോഡ് ടാറിംഗ് | 31 |
| റോഡ് നവീകരണം | 6 |
| കെട്ടിട നിർമ്മാണം | 6 |
| കെട്ടിട നവീകരണം, ചുറ്റുമതിൽ | 11 |
| കുടിവെള്ളം, പൈപ്പ്ലൈൻ | 21 |
| ആകെ | 112 |

തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ 66 ശതമാനവും റോഡ് പ്രവൃത്തികളാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക വകയിരുത്തുന്നുണ്ടെങ്കിലും അവ സ്ഥാപിക്കുന്നില്ല.

2. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

3. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

4. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്. സപ്ലിമെന്ററി

എഗ്രിമെന്റ് കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഒപ്പ് വയ്ക്കേണ്ടതാണെങ്കിലും മാസങ്ങൾ കഴിഞ്ഞാണ് സ്റ്റാമ്പ് പേപ്പർ ലഭ്യമാക്കി സപ്ലിമെന്ററി കരാർ ഒപ്പ് വയ്ക്കുന്നത്.

ഓഡിറ്റ് അന്വേഷണം നം. 7(2)/14-8-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ പ്രകാരമുള്ള സമയപരിധി ഉറപ്പാക്കുന്നില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. കരാറുകാരിൽ നിന്നും രണ്ടു തവണയായി യഥാക്രമം 1%, 2% എന്നിങ്ങനെയാണ് ഫൈൻ ഈടാക്കേണ്ടതെങ്കിലും ഒറ്റത്തവണയായി 3% പിഴ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. പല പ്രവൃത്തികളും വർഷങ്ങളോളമെടുത്താണ് പൂർത്തീകരിച്ചിട്ടുള്ളത്. ഏതാനും പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി |
|---|---|---|---|
| 1 | 224/18-പുളികുളമ്പ് റോഡ് ടാറിംഗ്<br>അടങ്കൽ - 165000 (MG-R)<br>കരാറുകാരൻ - ശ്രീ.ആർ.രമേഷ്<br>എഗ്രിമെന്റ് നം.: 13/14-08-2018 | 31-3-2019 | 23-3-2020 |
| 2 | 98/19-പൂളകുന്ന് റോഡ് ടാറിംഗ്<br>അടങ്കൽ - 300000 (MG-R)<br>കരാറുകാരൻ - ശ്രീ.ആർ.രമേഷ്<br>എഗ്രിമെന്റ് നം.: 11/14-08-2018 | 31-3-2019 | 23-3-2020 |
| 3 | 92/19-പന്നിമട റോഡ് ടാറിംഗ്<br>അടങ്കൽ - 300000 (MG-R)<br>കരാറുകാരൻ - ശ്രീ.ആർ.രമേഷ്<br>എഗ്രിമെന്റ് നം.: 10/14-08-2018 | 31-3-2019 | 23-3-2020 |
| 4 | 99/19-സെറ്റിൽമെന്റ് കോളനി റോഡ് ടാറിംഗ്<br>അടങ്കൽ - 200000 (SCP) | 30-6-2019 | 23-3-2020 |

| | | | |
|---|---|---|---|
| | കരാറുകാരൻ - ശ്രീ.രമേഷ്.ആർ<br>എഗ്രിമെന്റ് നം.: 12/14-08-2018 | | |
| 5 | 105/18-കുണ്ടുകാട് ഇടപറമ്പ് കുടിവെള്ള പദ്ധതി<br>അടങ്കൽ - 500000 (MG-R)<br>കരാറുകാരൻ - ശ്രീ.എസ്.അരവിന്ദാക്ഷൻ<br>എഗ്രിമെന്റ് നം.: 169/3-01-2018 | 31-3-2020 | 2-7-2020 |

മേൽ പ്രവൃത്തികളെല്ലാം ഒരു വർഷത്തോളം വൈകിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഒരേ കരാറുകാരൻ തന്നെ അനേകം പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്നിട്ടും തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണം വൈകുന്നത് വികസന ഫണ്ട് ലാപ്സ് ആകുന്നതിനിടയാക്കുന്നത് ഒഴിവാക്കുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഇടപെടേണ്ടതാണ്. മോണിറ്ററിംഗ് ശക്തമാക്കി പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 7(2)/14-8-2021 നുള്ള മറുപടിയിൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാക്കുവാൻ ശ്രമിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 വാണിയം പറമ്പ് അങ്കണവാടിയുടെ നിർമ്മാണം അനന്തമായി നീളുന്നു

120/19-വാണിയം പറമ്പ് അങ്കണവാടി നിർമ്മാണം

അടങ്കൽ - 12 ലക്ഷം (സി.എഫ്.സി)

എഗ്രിമെന്റ് നം. 96/31-1-2019

കരാറുകാരൻ - ശ്രീ.രവികുമാർ.ആർ

നാളിതുവരെയുള്ള ചെലവ് - 582621 രൂപ (ബിൽ നം. 58/17-11-2020 – 293129 രൂപ, 59/17-11-2020 – 289491 രൂപ).

അളവു പുസ്തകം നം. 689/17-18, 688/17-18, 109/19

കരാർ പ്രകാരം 31-10-2019 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 30-8-2020 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഒറ്റത്തവണയായി 3% ഫൈൻ ആയി 36000 രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ആദ്യ തവണ 1%, രണ്ടാമത്തെ തവണ 2% എന്നിങ്ങനെയാണ് ഫൈൻ ഈടാക്കേണ്ടിയിരുന്നത്.

പരമാവധി 5 മാസം വരെ ദീർഘിപ്പിച്ചു നൽകേണ്ടതിനു പകരം ആയതിൽ കൂടുതൽ കാലയളവിലേക്ക് കാലാവിധി ദീർഘിപ്പിച്ചു നൽകിയെങ്കിലും (30-8-2020 വരെ) ഓഡിറ്റ് നടക്കുന്ന കാലയളവിലും (8/2021) പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ നൽകിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 7(2)/14-8-202 നുള്ള മറുപടിയിൽ പ്രവൃത്തി സ്പിൽഓവറാക്കുകയും നിലവിൽ നിർമ്മാണം പൂർത്തീകരിച്ചതായും അറിയിച്ചിട്ടുണ്ട്.
അങ്കണവാടിയുടെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി അറിയിക്കേണ്ടതാണ്.

നിർമ്മാണങ്ങളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിൽ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വർക്കിംഗ് ഗ്രൂപ്പിന്റേയും ഭരണ സമിതിയുടേയും ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-32 വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കരാറുകാരന് നൽകി

പ്രൊ.നം. 248/21 – മാലിന്യ സംസ്കരണ കെട്ടിട നിർമ്മാണം

പദ്ധതിക്കായി വികസന ഫണ്ടിൽ (ജനറൽ) നിന്നും 180000 രൂപയാണ് വകയിരുത്തിയിരുന്നത്.

കരാറുകാരൻ - ശ്രീ. ജയകൃഷ്ണൻ

എഗ്രിമെന്റ് നം. 90/13-11-2019

പ്രവൃത്തി മൂല്യം - 179040

അളവു പുസ്തകം - 53/19, 57/19

ട്രഷറിയിൽ നിന്നും വികസനഫണ്ടിനത്തിൽ ബിൽ നം. 24/25-05-2020 പ്രകാരം 170813 രൂപ പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യത കുറവായതിനാൽ 8227 രൂപ കുറവായാണ് കരാറുകാരന് നൽകുന്നതെന്നുള്ള കുറിപ്പ് ഫയലിലുണ്ട്. അലോട്ട്മെന്റ് തുക കുറവായിരുന്നെങ്കിൽ പാർട്ട് ബില്ലായി തുക പിൻവലിച്ച് നൽകുവാനും പിന്നീട് അലോട്ട്മെന്റ് ലഭ്യമായതിനുശേഷം ബാക്കി തുക വികസന ഫണ്ടിൽ നിന്നും അവസാന ബില്ലായി നൽകുവാനുമുള്ള ശ്രമം ഉണ്ടായിട്ടില്ല. ആദ്യ ബിൽ അവസാന ബില്ലായി പരിഗണിച്ചാണ് തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകുവാനുണ്ടായ ബാക്കി തുകയായ 8227 രൂപ ചെക്ക് നം. 529661/27-7-2021 പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. പ്രോജക്റ്റിൽ തനത് ഫണ്ട് വകയിരുത്തുകയോ പിന്നീട് റിവൈസ് ചെയ്ത് തനത് ഫണ്ട് വിഹിതം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വികസന ഫണ്ടിൽ നിന്നും അനുവദിക്കേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അസി.എഞ്ചിനിയർ, സെക്രട്ടറി എന്നിവരുടെ കൂട്ടുത്തരവാദിത്തത്തിൽ തനത് ഫണ്ടിനുണ്ടായ 8227 രൂപയുടെ നഷ്ടം നികത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 8/14-8-2021 നുള്ള മറുപടിയിൽ തനത് ഫണ്ടിനുണ്ടായ നഷ്ടം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
(ഖ.3-1 കൂടി കാണുക)

1-33 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

1. 207/20-ചെമ്മണം കാട്, നമ്പൂതിരിക്കാട് കുടിവെള്ള പദ്ധതി

അടങ്കൽ - 415000 (എസ്.സി.പി)

എഗ്രിമെന്റ് നം. 79/13-11-2019

കരാറുകാരൻ - ശ്രീ.സുരേഷ്കുമാർ.എ

ചെലവ് - 385708 (ബിൽ നം. 5/16-4-2020)

അളവു പുസ്തകം - 92/19

നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി 15 HP മോട്ടോർ സ്ഥാപിച്ച് പൈപ്പ് ലൈൻ വലിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തതിനുശേഷമാണ് 19-12-2019 ന് നിലവിലുള്ള സിംഗിൾ ഫേസ് കണക്ഷൻ ത്രീ ഫേസ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ കത്തു നൽകിയിട്ടുള്ളത്.

മോട്ടോറും പൈപ്പ് ലൈനും സ്ഥാപിച്ചുവെങ്കിലും തൻവർഷം ഇലക്ട്രിഫിക്കേഷൻ നടന്നതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണം നം. 9/14-8-2021 നുള്ള മറുപടിയിൽ നിലവിൽ ത്രീഫേസ് കണക്ഷൻ ലഭ്യമായതായും പ്രവൃത്തി പൂർത്തീകരിച്ചതായും അറിയിച്ചിട്ടുണ്ട്.

2. 216/20-തേങ്കുറിശ്ശി വള്ളിക്കാട് കുടിവെള്ള പദ്ധതി

അടങ്കൽ - 300000 (CFC)

എഗ്രിമെന്റ് നം. 5/27-9-2019

കരാറുകാരൻ - ശ്രീ.ബാലൻ.എം

ചെലവ് - 114840 (ബിൽ നം. 27/11-8-2020)

അളവു പുസ്തകം - 79/19

കുഴൽ കിണർ കുഴിക്കൽ, 7.5 HP മോട്ടോർ സ്ഥാപിക്കൽ, വൈദ്യുതീകരണം, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നീ ഇനങ്ങളാണ് പ്രവൃത്തിയിൽ വിഭാവനം ചെയ്തിരുന്നത്. സർവ്വേ നടത്തി ബോർവെൽ കുഴിച്ച് കേസിംഗ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 9/14-8-2021 നുള്ള മറുപടിയിൽ ബോർവെല്ലിൽ വെള്ളം കാണാതിരുന്നതിനാൽ പുതിയ ബോർവെൽ കുഴിച്ചിട്ടുണ്ടെന്നും തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നതായും അറിയിച്ചിട്ടുണ്ട്.

3. 215/20-കല്ലങ്കാട് കുടിവെള്ള പദ്ധതി

അടങ്കൽ - 300000 (CFC)

എഗ്രിമെന്റ് നം. 47/3-10-2019

കരാറുകാരൻ - ശ്രീ.ജയകൃഷ്ണൻ.എം

ചെലവ് - 114840 (ബിൽ നം. 27/11-8-2020)

അളവു പുസ്തകം - 78/19

നിലവിലെ കുടിവെള്ള പദ്ധതികൊണ്ട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കാതെ വന്നതിനാൽ ആയതിനുള്ള പരിഹാരമായാണ് പുതിയ കുടിവെള്ള പദ്ധതി ആവിഷ്കരിച്ചത്.

കുഴൽ കിണർ കുഴിക്കൽ, 7.5 HP മോട്ടോർ സ്ഥാപിക്കൽ, വൈദ്യുതീകരണം, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നീ ഇനങ്ങളാണ് പ്രവൃത്തിയിൽ വിഭാവനം ചെയ്തിരുന്നത്. സർവ്വേ നടത്തി ബോർവെൽ കുഴിച്ച് കേസിംഗ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 9/14-8-2021 നുള്ള മറുപടിയിൽ ബോർവെല്ലിൽ വെള്ളം കാണാതിരുന്നതിനാൽ പുതിയ ബോർവെൽ കുഴിച്ചുവെങ്കിലും ആയതിലും വെള്ളം ലഭിക്കാതിരുന്നതിനൽ തുടർ പ്രവർത്തനങ്ങൾ സാധ്യമല്ലാതെ വന്നിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ക്രമ നം. 1, 2 എന്നിവയിലെ കുടിവെള്ള പദ്ധതികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടും വിധം പൂർത്തീകരിക്കേണ്ടതാണ്.

ക്രമ നം. 3 ന്റെ പ്രവർത്തനം നിലച്ചിരിക്കുന്നതിനാൽ ബിൽ തുക ക്രമീകരിച്ച് പ്രവൃത്തി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തെ ആസ്തി സംരക്ഷണപദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം.

തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.

2. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 1.36 കോടി രൂപ വകയിരുത്തി 52 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 32 പ്രോജക്റ്റുകൾക്കായി 85.34 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 74%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

3. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 37.55 ലക്ഷം രൂപ വകയിരുത്തി 11 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 9 പ്രോജക്റ്റുകൾക്കായി 19.69 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 63%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

4. നോൺ റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഉദാ. 83/21-ICDP സബ്സെന്ററുകളുടെ നവീകരണം - 250000 രൂപ

85/21-വള്ളിക്കാട് അങ്കണവാടിയുടെ നവീകരണം - 250000 രൂപ

247/21-അങ്കണവാടികളുടെ നവീകരണം - 480000 രൂപ

5. മെയ്ന്റനൻസ് ഫണ്ട് കണ്ടിജൻസി ചെലവുകൾക്കായി ചെലവഴിച്ചതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനം കൃത്യമായി നടക്കാതെ പോയിട്ടുണ്ട്. തൻവർഷം 1659516 രൂപ മരുന്നു വാങ്ങുന്നതിനും വിവിധ ഓഫീസുകളിലെ കണ്ടിജന്റ് ചെലവുകൾക്കുമായി ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത കൃത്യമായി വിലയിരുത്തി പ്രോജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മുൻഗണന നിശ്ചയിച്ച് പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

5. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 12/14-8-2021 നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>1-35 മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നുള്ള കണ്ടിൻജന്റ് ചെലവ് - മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്</u>

ജി.ഒ(എം.എസ്)നം. 330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച ജനറൽ പർപ്പസ് ഗ്രാന്റ് - മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം ആവശ്യമെങ്കിൽ ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ 10% തുക ജനറൽ പർപ്പസ് ഗ്രാന്റ് എന്നതുപോലെ ചെലവഴിക്കാവുന്നതാണ്. തൻവർഷം മെയ്ന്റനൻസ് ഗ്രാന്റിനത്തിൽ ആകെ അനുവദിച്ച തുക 13963641 രൂപയാണ്. ആയതിന്റെ 10% തുകയായ 1396364 രൂപ ആവശ്യമെങ്കിൽ മരുന്നു വാങ്ങുന്നതിനുൾപ്പെടെ ചെലവഴിക്കാവുന്നതാണ്. തൻവർഷം റോഡിതര മെയ്ന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റുകൾ</u>

കണ്ടിൻജന്റ് ചെലവുകൾക്കായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റുകൾ പ്രകാരം റോഡിതര മെയ്ന്റനൻസ് ഗ്രാന്റ് വകയിരുത്തി തുക ചെലവഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ | പ്രോജക്റ്റ് | വകയിരുത്തിയ | ചെലവ് |
|---|---|---|---|

| ഉദ്യോഗസ്ഥൻ | | തുക | |
|---|---|---|---|
| കൃഷി ഓഫീസർ | 149/21-കൃഷിഭവൻ കണ്ടിജന്റ് ചെലവുകൾ | 50000 | 50000 |
| | 188/21-കൃഷിഭവൻ കണ്ടിജന്റ് ചെലവുകൾ | 27596 | 27596 |
| വെറ്ററിനറി സർജ്ജൻ | 101/21-മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ | 50000 | 50000 |
| | 102/21-മൃഗാശുപത്രിക്ക് കണ്ടിജന്റ് ചെലവുകൾ | 50000 | 49958 |
| MO(PHC) | 125/21-PHC ക്ക് കണ്ടിജന്റ് ചെലവുകൾ | 261346 | 263542 |
| MO(ഹോമിയോ) | 141/21-ഹോമിയോ ആശുപത്രിക്ക് കണ്ടിജന്റ് ചെലവുകൾ | 75000 | 9741 |
| MO(ആയുർവേദം) | 140/21-ആയുർവേദ ആശുപത്രിക്ക് കണ്ടിജന്റ് ചെലവുകൾ | 50000 | 49956 |
| | 123/21-ആയുർവേദ മരുന്ന വാങ്ങൽ | 1000000 | 1000000 |
| ICDS സൂപ്പർവൈസർ | 139/21-അങ്കണവാടിയുടെ കണ്ടിജന്റ് ചെലവുകൾ | 100000 | 49641 |
| എച്ച്.എം | 132/21-GLPS കണ്ടിജന്റ് ചെലവുകൾ | 50000 | 50000 |
| VEO | 142/21-VEO ഓഫീസിലെ കണ്ടിജന്റ് ചെലവുകൾ | 50000 | 10227 |
| അസി.എഞ്ചിനിയർ | 111/21-AE ഓഫീസിലെ കണ്ടിജന്റ് ചെലവുകൾ | 50000 | 48855 |
| ആകെ | | 1813942 | 1659516 |

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖ. 8.8 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിൻജന്റ് ചെലവുകൾക്ക് മുൻകൂർ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ തന്നെ സ്ഥാപന മേധാവികൾ കണ്ടിജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതാണ്. സെക്രട്ടറിക്ക് ഒരു നടപടിക്രമ ഉത്തരവിലൂടെ തുക അനുവദിക്കാവുന്നതാണ്. തുക തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നോ കണ്ടെത്താവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. തുകയുടെ ഉപയോഗ സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിൻജന്റ് ചെലവുകൾക്കായി തുക അനുവദിക്കുന്നതിന് സബ്സിഡി മാർഗ്ഗരേഖയിലെ ഈ വ്യവസ്ഥകൾ പാലിക്കാതെ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും മെയ്ന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്റ്റ് രൂപീകരിച്ച് ചെലവ് നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. ആവശ്യമായ തുകയുടെ പട്ടിക സെക്രട്ടറിക്ക് സമർപ്പിച്ചതായും കാണുന്നില്ല. വിവിധ ബില്ലുകൾ പ്രകാരം ആവശ്യാനുസരണം തുക പിൻവലിച്ച് ചെലവഴിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

കൈമാറിക്കിട്ടിയ കണ്ടിൻജന്റ് ചെലവുകൾക്കു കൂടി ലഭ്യമാകുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽ തുക ചെലവഴിക്കുന്നതിനായി മുൻഗണന നൽകാതെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ചെലവുകൾക്കായി മെയ്ന്റനൻസ് ഗ്രാന്റ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ആവശ്യമെങ്കിൽ ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ 10% ൽ അധികം തുക മരുന്നുകൾക്കും വകയിരുത്താവുന്നതാണെങ്കിലും പരിധി കണക്കിലെടുക്കാതെ തുക വകയിരുത്തിയതിനാൽ 10% എന്ന

പരിധിയും കഴിഞ്ഞ് തുക ചെലവഴിക്കുവാനിടയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അലോട്ട് മെന്റ് | ചെലവ് |
|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 9133000 | 8534063 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4830641 | 3858871 |
| ആകെ | 13963641 | 12392934 |

മരുന്ന്/കണ്ടിജന്റ് ചെലവുകൾക്കായി റോഡിതര മെയ്റ്റനൻസ് ഫണ്ട് ചെലവഴിച്ചതിന്റെ സംക്ഷിപ്തം

| | |
|---|---|
| അനുവദനീയമായ പരിധി | 1396364 |
| ചെലവഴിച്ചത് | 1659516 |
| അധികം തെലവഴിച്ചത് | 263152 |

തൻ വർഷത്തെ റോഡിതര മെയ്റ്റനൻസ് ഗ്രാന്റിൽ നിന്നുള്ള ആകെ ചെലവ് 3858871 രൂപയാണ്. ആയതിൽ 1659516 രൂപയും (43%) ചെലവഴിച്ചിട്ടുള്ളത് കണ്ടിജന്റ് ചെലവുകൾക്കാണ്.

ഓഡിറ്റ് അന്വേഷണം നം. 15/14-8-2021 നുള്ള മറുപടിയിൽ മെയ്റ്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിൽ കൃത്യത പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി ചെലവഴിക്കേണ്ടതിനു പകരം മറ്റ് ആവശ്യങ്ങൾക്കായി റോഡിതര മെയ്റ്റനൻസ് ഫണ്ട് ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കണ്ടിൻജന്റ് ചെലവുകൾക്കായി ജനറൽ പർപ്പസ് ഗ്രാന്റ് വകയിരുത്തുന്നതിന് മുൻഗണന നൽകേണ്ടതാണ്. മെയ്റ്റനൻസ് ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കരാറുകാരന് നൽകി - 8227 രൂപയുടെ നഷ്ടം

പ്രൊ.നം. 248/21 – മാലിന്യ സംസ്കരണ കെട്ടിട നിർമ്മാണം

പദ്ധതിക്കായി വികസന ഫണ്ടിൽ (ജനറൽ) നിന്നും 180000 രൂപയാണ് വകയിരുത്തിയിരുന്നത്.

കരാറുകാരൻ - ശ്രീ. ജയകൃഷ്ണൻ

എഗ്രിമെന്റ് നം. 90/13-11-2019

പ്രവൃത്തി മൂല്യം - 179040

അളവു പുസ്തകം - 53/19, 57/19

ട്രഷറിയിൽ നിന്നും വികസനഫണ്ടിനത്തിൽ ബിൽ നം. 24/25-05-2020 പ്രകാരം 170813 രൂപ പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യത കുറവായതിനാൽ 8227 രൂപ കുറവായാണ് കരാറുകാരന് നൽകുന്നതെന്നുള്ള കുറിപ്പ് ഫയലിലുണ്ട്. അലോട്ട്മെന്റ് തുക കുറവായിരുന്നെങ്കിൽ പാർട്ട് ബില്ലായി തുക പിൻവലിച്ചു നൽകുവാനും പിന്നീട് അലോട്ട്മെന്റ് ലഭ്യമായതിനുശേഷം ബാക്കി തുക വികസന ഫണ്ടിൽ നിന്നും അവസാന ബില്ലായി നൽകുവാനുമുള്ള ശ്രമം ഉണ്ടായിട്ടില്ല. ആദ്യ ബിൽ

അവസാന ബില്ലായി പരിഗണിച്ചാണ് തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകുവാനുണ്ടായ ബാക്കി തുകയായ 8227 രൂപ ചെക്ക് നം. 529661/27-7-2021 പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ചു നൽകിയിട്ടുണ്ട്. പ്രോജക്റ്റിൽ തനത് ഫണ്ട് വകയിരുത്തുകയോ പിന്നീട് റിവൈസ് ചെയ്ത് തനത് ഫണ്ട് വിഹിതം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വികസന ഫണ്ടിൽ നിന്നും അനുവദിക്കേണ്ടിയിരുന്ന തുക തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അസി.എഞ്ചിനിയർ, സെക്രട്ടറി എന്നിവരുടെ കൂട്ടുത്തരവാദിത്തത്തിൽ തനത് ഫണ്ടിനുണ്ടായ 8227 രൂപയുടെ നഷ്ടം നികത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 8/14-8-2021 നുള്ള മറുപടിയിൽ തനത് ഫണ്ടിനുണ്ടായ നഷ്ടം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 9.8.2021 മുതൽ 18.8.2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 311816 | ലൈഫ് ജനറൽ | 311816 | 0 |
| | 2019-20 | 809220 | ലൈഫ് SCP | 3297 | 805923 |
| | 2019-20 | 38000 | സ്കോളർഷിപ്പ് | 0 | 38000 |
| | 2020-21 | 1483200 | ഉഴവുകൂലി | 1483200 | 0 |
| | 2020-21 | 190000 | സ്കോളർഷിപ്പ് | 190000 | 0 |
| | 2020-21 | 1335000 | ലൈഫ് - SCP | 1335000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2560000 | ഉഴവുകൂലി | 2560000 | 0 |
| | | 2560000 | ഉഴവുകൂലി | 2560000 | 0 |
| | | 520000 | ലൈഫ് | 520000 | 0 |
| | | 420129 | ലൈഫ്-SCP | 420129 | 0 |
| | | 100000 | പാൽ സബ്സിഡി | 100000 | 0 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവു കണക്കുകളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്റ്റുകളുടെ തുക ചെലവഴിക്കുകയോ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| KSEB | 191/21-പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1/17-4-2020 | 300000 | 300000 |
| KSEB | 208/21-പട്ടിക ജാതി കോളനി കളിൽ സ്ട്രീറ്റ് മെയിൻ എക്സ്ടൻഷൻ | 2/17-4-2020 | 220000 | 220000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 29278761 | 2876000 | 32154761 | 3058942 | - | 29079819 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 12500 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2018-19 | 3-1 | 12500 | 911345100008/29-7-2020 | ശ്രീ.ലാലു, വി.ഇ.ഒ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-1 | 2014-15 | 4.1.13 | തൊഴിൽസേനയ്ക്കായി നൽകിയ കാർഷിക ഉപകരണങ്ങൾ ഉപയോഗമില്ലാതെ വിവിധ ഇടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പായിട്ടില്ല. |
| 2015-16 | 3-3 | 2016-17 | 9.3.2.7 | ജലവിതരണവും സാമ്പത്തിക ബാധ്യതയും (അവലോകനം) | തീർപ്പാക്കിയിട്ടില്ല. |
| 2017-18 | 3-1 | 2018-19 | അധ്യായം 1 | മോണിറ്ററിംഗ് സംവിധാനം ഇല്ല- നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിപ്പണം ദുരുപയോഗം ചെയ്തു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 9772040 |
| ഓഡിറ്റ് വർഷത്തെ വരവ് | 285463000 |
| ആകെ | 295235040 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 287021000 |
| നീക്കിയിരിപ്പ് | 8214040 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8227 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 198785 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | 4114 | ശ്രീ.കെ.ദിനേഷ്, സെക്രട്ടറി |
| 2 3-1 | | 4113 | ശ്രീ.ശശികുമാർ, കെ, അസി.എഞ്ചിനിയർ |
| | ആകെ | 8227 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 198785 | ഡോ.കെ.എസ്.മഹി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദിനേഷ്.കെ, സെക്രട്ടറി, | സെക്രട്ടറി, തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | പേഴുംപാറ, ചാത്തമംഗലം(പി.ഒ), നെമ്മാറ, പാലക്കാട്-678508 |
| ശ്രീ.ശശികുമാർ.കെ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 12/412, വസന്തം, വെങ്കിടേശ്വരപുരം, 4th സ്ട്രീറ്റ്, പുത്തൂർ, പാലക്കാട്. |
| ഡോ.കെ.എസ്.മഹി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), തേങ്കുറിശ്ശി | അണ്ണാ നഗർ, നിയർ ഗ്രേസ് സ്കൂൾ, കൗതപ്പാടി റോഡ്, പുവിയരാശി, ഭവാനി, സേലം, തമിഴ്നാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി 7/276/98/ 24.09.1998 | 14 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി-891/98/ 1.11.2005 | 1 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി-12-929/02 | 8 | പുനരഭിപ്രായം |

| | | | |
|---|---|---|---|
| | / 7.10.2002 | | |
| 1999-2000 | എൽ.എഫ്.പി12-929 /2002/7.10.2002 | 5 | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി 13/14/ 2005/26.10.2005 | 4 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി 13/106/2005/7.8.16 | 2 | പുനരഭിപ്രായം |
| 2002-03 | എൽ. എഫ്.പി15/ 932/2005/7.08.16 | 2 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15/1710/2008/8.9.18 | 6 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി-15/361/2011/5.3.11 | 4 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി-15/1921/2015/14.01.16 | 1 | പുനരഭിപ്രായം |
| 2006-07 | എൽ.എഫ്.പി15-1250 /2011/8.8.11 | 3 | പുനരഭിപ്രായം |
| 2007-08 | എൽ.എഫ്.പി 15/1921/2015/14.01.16 | 2 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി 15/1208/2014 /8.8.14 | 3 | കത്ത് |
| 2009-10 | എൽ.എഫ്.പി-15/ 121/2014/29.03.2014 | 1 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി-15/1533/2015/10.09.2015 | 2 | സർചാർജ്ജ് നടപടി |
| 2011-12 | എൽ.എഫ്.പി-15/1941/2014/17.11.2014 | 2 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി-15-1026/2015/5.03.16 | 4 | പുനരഭിപ്രായം |
| 2013-14 2014-15 | കെ.എസ്.എ പി.കെ.ഡി15/364/16/29.3.16 | 15 | പുനരഭിപ്രായം |
| 2015-16 | കെ.എസ്.എ പി.കെ.ഡി15/ 123/17/27.01.17 | 2 | പുനരഭിപ്രായം |
| 2016-17 | കെ.എസ്.എ പി.കെ. ഡി15/1345/17/26.07.17 | 4 | പുനരഭിപ്രായം |
| 2017-18 | കെ.എസ്.എ പി.കെ. ഡി15/ | 18 | പുനരഭിപ്രായം |
| 2018-19 | കെ.എസ്.എ പി.കെ. ഡി15/93/2020/12-05-2020 | 20 | പുനരഭിപ്രായം |
| 2019-20 | KSA-PKD 15/533/2021 Dt. 12-4-21 | 18 | പുനരഭിപ്രായം |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്ക് - വിവിധ പത്രികകളുടെ സംക്ഷിപ്തം

A) RECEIPT & PAYMENT STATEMENT

| Thenkurissi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14834443.54 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 758020.00 |
| 130000000 | Rental income from Panchayat Properties | RP-3 | 50000.00 |
| 140000000 | Fees & User Charges | RP-4 | 2037863.00 |
| 150000000 | Sale & Hire Charges | RP-5 | 372441.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 79199478.00 |
| 171000000 | Interest Earned | RP-9 | 359575.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8795581.00 |
| 350000000 | Other Liabilities | RP-36 | 867585.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 19250.00 |
| 311000000 | Earmarked Funds | RP-29 | 3001.00 |
| 330000000 | Secured Loans | RP-32 | 2860000.00 |
| 340000000 | Deposits Received | RP-34 | 389920.00 |
| 350000000 | Other Liabilities | RP-36 | 258454.00 |
| 431000000 | Sundry Debtors | RP-43 | 3395456.00 |

| | | | |
|---|---|---|---|
| | (Receivables) | | |
| 460000000 | Loans, Advances and Deposits | RP-47 | 1448697.00 |
| | Grand total | | 115649764.54 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2186147.00 |
| 220000000 | Administrative Expenses | RP-12 | 1282127.00 |
| 230000000 | Operations & Maintenance | RP-13 | 2829606.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 13920319.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 24795544.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 5034447.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1188388.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 2151750.00 |
| 255000000 | Maintenance Projects | RP-20 | 12918377.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | 326956.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2951461.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 5464140.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3000.00 |
| 340000000 | Deposits Received | RP-34 | 265749.00 |
| 350000000 | Other Liabilities | RP-36 | 1886932.00 |
| 410000000 | Fixed Assets | RP-38 | 10261989.00 |
| 412000000 | Capital work in Progress | RP-40 | 1052270.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1068749.00 |
| 440000000 | Pre-paid Expenses | RP-45 | 2860000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1432326.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20757004.54 |
| Cash | Cash | RP-40(b) | 12483.00 |
| | Grand Total | | 115649764.54 |

B) INCOME & EXPENDITURE STATEMENT

| Thenkurissi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3786906.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 293942.00 |
| 140000000 | Fee & User Charges | I-4(b) | 2286913.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 372441.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 175923379.00 |
| 171000000 | Interest Earned | I-8 | 359575.00 |
| 180000000 | Other Income | I-9 | 19250.00 |
| | Total Income | | 183042406.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9239812.00 |
| 220000000 | Administrative Expenses | I-11(b) | 1481968.00 |
| 230000000 | Operations & Maintenance | I-12(b) | 2999606.00 |
| 240000000 | Interest & Finance Charges | I-13 | 3000.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 13920319.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 63440027.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5034447.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1188388.00 |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 68371550.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 12918377.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| | Total Expenditure | | 179597494.00 |
| | Gross Surplus/ Deficit of income over Expenditure | | 3444912.00 |
| 280000000 | Prior Period Item | I-18 | 709771.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2735141.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

C) BALANCE SHEET

| Thenkurissi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 36089868.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3001.00 |
| 312000000 | Reserves | B-3 | 84648389.00 |
| | Total Reserve & Surplus | | 120741258.50 |

| | | | |
|---|---|---|---|
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6469916.54 |
| | Total Grants, Contributions for Specific Purposes | | 6469916.54 |
| | Loans | | |
| 330000000 | Secured Loans | B-5 | 29079819.00 |
| | Total Loans | | 29079819.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 731469.00 |
| 350000000 | Other Liabilities | B-9 | 1750471.50 |
| | Total Current Liabilities and Provisions | | 2481940.50 |
| | TOTAL LIABILITIES | | 158772934.54 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 103289164.00 |
| 411000000 | Accumulated Depreciation | B-11 | -276724.00 |
| 412000000 | Capital Work in Progress | B-11(a) | 3775414.00 |
| | Total Fixed Assets | | 106787854.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1184243.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 29079819.00 |
| 450000000 | Cash and Bank Balance | B-17 | 20769487.54 |
| 460000000 | Loans, Advances and Deposits | B-18 | 951531.00 |
| Total Current Assets, Loans and Advances | | | 0.0 |

| | |
|---|---|
| Total Current Assets, Loans and Advances | 51985080.54 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 158772934.54 |

Deputy Director